2.

## സ്കൂളിന്റെ ചരിത്രം

ചിറയിൻകീഴ് താലൂക്കിൽ കടയ്ക്കാവൂർ പഞ്ചായത്തിൽ മൂന്നാം വാർഡിൽ സ്ഥിതിചെയ്യുന്ന കീഴാറ്റിങ്ങൽ ഗവൺമെന്റ് എൽ.പി.എസിന്റെ പൂർവ്വചരിത്തെക്കുറിച്ച് ആധികാരിക രേഖകൾ ഒന്നും തന്നെ ലഭ്യമല്ല. 1903-ൽ കീഴാറ്റിങ്ങൽ പള്ളിവിളാകത്ത് വീട്ടിൽ ഒരു കുടിപ്പള്ളിക്കൂടം ആരംഭിച്ചു. ഈ വിദ്യാലയം പിൽക്കാലത്ത് കൈപ്പുഴ വീട്ടിലും പ്രവർത്തിച്ചിരുന്നു. ഈ പ്രദേശത്തെ പ്രമുഖ ബ്രാഹ്മണകുടുംബമായിരുന്ന കവണശ്ശേരിമഠം ദാനമായി നൽകിയ പതിനാല് സെന്റ് സ്ഥലത്ത് തിരുവിതാംകൂർ സർക്കാർ സ്കൂളായി പ്രവർത്തനം തുടർന്നു. വിദ്യാലയ പ്രവർത്തനങ്ങൾ എന്തെങ്കിലും കാരണവശാൽ നിലച്ചു പോവുകയോ വിദ്യാലയം സ്ഥാനമാറ്റം ചെയ്യപ്പെടുകയോ ചെയ്താൽ ഈ സ്ഥലം വീണ്ടും കവണശ്ശേരി മഠം വകയായി മാറും എന്ന് കരാറുണ്ടായിരുന്നതായി പഴമക്കാർ ഓർമിക്കുന്നു. ഒന്നു മുതൽ അഞ്ചു വരെ ക്ലാസുകളാണ് ആദ്യം ഉണ്ടായിരുന്നത്. 1093 ഇടവം 14 ന് പ്രവേശനം ലഭിച്ച കീഴാറ്റിങ്ങൽ പൂവത്തൂർ വീട്ടിലെ അയ്യപ്പൻ കൃഷ്ണൻ മകൻ മാധവൻ പിള്ളയായിരുന്നു ആദ്യ വിദ്യാർഥി. 1964 ൽ അഞ്ചാം ക്ലാസ് യു.പി വിഭാഗത്തിൽ പെടുത്തിക്കൊണ്ടുള്ള സർക്കാർ ഉത്തരവിനെ തുടർന്ന് 5-ാം ക്ലാസിൽ പഠിപ്പിച്ചിരുന്ന വിദ്യാർഥികൾക്ക് വിടുതൽ സർട്ടിഫിക്കറ്റ് നൽകുകയുണ്ടായി. തുടർന്ന് നാലാം ക്ലാസ് വരെയുള്ള എൽ.പി. സ്കൂളായി പ്രവർത്തിച്ചു വരുന്നു. 1982 ൽ സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള ശ്രമത്തിന്റെ ഫലമായി 86 സെന്റ് ഭൂമി കൂടി വാങ്ങി സ്കൂളിന്റെ വിസ്തൃതി ഒരേക്കറാക്കി മാറ്റി. തുടക്കത്തിൽ ഓലമേഞ്ഞ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച സ്കൂൾ പിന്നീട് ഓടിട്ട കെട്ടിടത്തിൽ പ്രവർത്തിച്ചു തുടങ്ങി. ഒരു വശത്ത് പുഴയും മറുവശത്ത് വയലും കൊണ്ട് ചുറ്റപ്പെട്ടിരിക്കുന്ന ഈ സ്കൂളിന് യാത്രാ സൗകര്യം ഒരു കീറാമുട്ടിയായിരുന്നതിനാൽ 1959 മുതൽ ഓരോ ക്ലാസിനും ഓരോ ഡിവിഷൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. 1991-ലാണ് സ്കൂൾ പറമ്പിലേക്ക് വാഹനം വരത്തക്ക വിധത്തിലുള്ള വഴിയുണ്ടായത്. 2005 ൽ കാറ്റിലും പേമാരിയിലും സ്കൂളിന്റെ മേൽക്കൂര തകർന്നു. കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിന്റെ സഹായത്തോടെ ഇത് ശരിയാക്കി. എങ്കിലും കെട്ടിടത്തിന്റെ അവസ്ഥ ശോചനീയമായിതന്നെ തുടർന്നു. പഞ്ചായത്തിന്റെ സഹായത്തോടെ രണ്ടു ക്ലാസ്സ് മുറികൾ നിർമിച്ചു നൽകിയതിനാൽ 2010 ജൂൺ മുതൽ ക്ലാസുകൾ അങ്ങോട്ടേയ്ക്ക് മാറ്റി. പഴയ കെട്ടിടത്തിന് 2013-14 വർഷം മുതൽ ഫിറ്റ്നസ്

ലഭിക്കാത്തതിനെ തുടർന്ന് പൂർണമായും കെട്ടിടം ഉപയോഗ ശൂന്യമായി മാറിയിരിക്കുകയാണ്. 2011-12 ൽ ഒന്നാം ക്ലാസിൽ അഡ്മിഷൻ ലഭിച്ച രണ്ടു കുട്ടികളും താമസം മാറിപോയതിനാൽ തുടർന്നു വന്ന വർഷങ്ങളിൽ യഥാക്രമം രണ്ട്, മൂന്ന്, നാല് ക്ലാസുകളിൽ കുട്ടികളില്ലാത്ത അവസ്ഥ വന്നു ചേർന്നു. ഈ വർഷം നാലാം ക്ലാസിൽ കുട്ടികളാരും തന്നെ ഇല്ല.

ഹെഡ്മിസ്ട്രസ് ഉൾപ്പെടെ മൂന്നധ്യാപകരും ഒരു പി.റ്റി.സി.എം ഉം ഇവിടെ സേവനമനുഷ്ഠിക്കുന്നു. ഇപ്പോൾ ഈ സ്കൂളിൽ നാല് പെൺകുട്ടികളും ഏഴ് ആൺകുട്ടികളുമുൾപ്പെടെ പതിനൊന്നു പേർ പഠിക്കുന്നു. ഇതിൽ മൂന്നുപേർ പട്ടികജാതി വിഭാഗത്തിൽപെടുന്നു. രണ്ടു കുട്ടികൾ പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ വിഭാഗത്തിൽ ഉൾപ്പെടുന്നു. 2000-ാമാണ്ടിൽ അനുവദിച്ച S.S.A യുടെ CRC കെട്ടിടവും ക്ലാസ്മുറികളും വൈദ്യുതീകരിച്ചിട്ടുണ്ട്. ഒറ്റപ്പെട്ടു കഴിയുന്ന ഈ സ്കൂളിന് മറ്റു സ്ഥാപനങ്ങളുമായി ബന്ധപ്പെടുന്നതിന് കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിന്റെ സഹായത്തോടെ ടെലഫോൺ ലഭ്യമാണ്. S.S.A പദ്ധതിപ്രകാരം സ്കൂൾ പറമ്പിന്റെ കുറച്ചു ഭാഗം മതിൽ കെട്ടി സാനിട്ടേഷൻ, കുടിവെള്ളം ഇലക്ട്രിഫിക്കേഷൻ, ചൈൽഡ് ഫ്രണ്ട്ലി എലിമെന്റ്സ് എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. വിവര സാങ്കേതിക വിദ്യയിൽ കുതിച്ചു ചാട്ടം നടത്തിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ഈ സ്കൂളിൽ കമ്പ്യൂട്ടർ ഇന്റർനെറ്റ് സംവിധാനം ഒരുക്കിയിട്ടുണ്ട്.

## 3. പ്രസ്താവന

നൂറ് വർഷത്തോളം പഴക്കമുള്ള നാശോന്മുഖമായ കെട്ടിടം പൊളിച്ചുനീക്കി പുതിയത് പണികഴിപ്പിക്കുന്നതുൾപ്പെടെ സമൂലമായ മാറ്റങ്ങൾ ഭൗതിക സാഹചര്യങ്ങളിൽ ഉണ്ടായേ തീരു. ജനകീയ കൂട്ടായ്മ, വിവിധ ഏജൻസികളുടെ സഹകരണം SMC മറ്റു സംഘടനകൾ എന്നിവയുടെ സഹകരണം ശക്തമാണെങ്കിൽ ഈ വിദ്യാലയം ഉത്തരോത്തരം പുരോഗതിയിലെത്തിയേനെ. ഹെഡ്മാസ്റ്ററുടെയും അധ്യാപകരുടെയും രക്ഷകർത്താക്കളുടെയും പരിശ്രമം നടന്നുകൊണ്ടിരിക്കുന്നു. വിവിധ സമിതികൾ പ്രവർത്തിക്കുന്നുവെങ്കിലും പ്രദേശത്തിന്റെ പിന്നാക്കാവസ്ഥ കാരണം പ്രവർത്തനം മന്ദഗതിയിലാണ്.

5. **അധ്യാപകരുടെ എണ്ണം**

| വിഭാഗം | അധ്യാപകരുടെ എണ്ണം | സ്ഥിരം/ താല്ക്കാലികം | 3 വർഷത്തിൽ കൂടുതൽ |
|---|---|---|---|
| ഹെഡ്മിസ്ട്രസ് | 1 | സ്ഥിരം | |
| പി.ഡി.ടീച്ചർ | 1 | ,, | |
| എൽ.പി.എസ്.എ | 2 | ,, | |

6. **SWOT ANALYSIS**

അധ്യാപക പരിശീലനങ്ങൾ ലഭ്യമാക്കുന്നുവെങ്കിലും സമയബന്ധിതമോ പര്യാപ്തമോ അല്ല. പരിശീലനത്തിലൂടെ നേടുന്ന ശേഷികൾ കുട്ടികൾക്ക് പ്രയോജനപ്പെടും വിധം ഉപയോഗിക്കുന്നതിനുള്ള തത്സമയ പിന്തുണ സംവിധാനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇതിൽ SRG നന്നായി പ്രവർത്തിക്കുന്നുണ്ട്.

ഗ്രാമപ്രദേശത്തുള്ള വിദ്യാലയമായതിനാൽ ക്ലാസ് പി.ടി.എ കളിൽ രക്ഷകർത്താക്കളുടെ പങ്കാളിത്തം തൃപ്തികരമല്ല. ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടുതൽ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. പ്രദേശത്തെ ഭൂരിപക്ഷം കുടുംബങ്ങളും ദരിദ്ര ജനവിഭാഗത്തിൽപെടുന്നതിനാൽ ഇതോടനുബന്ധിച്ചുണ്ടാകുന്ന പ്രശ്നങ്ങൾ ഈ വിദ്യാലയത്തെ ബാധിക്കുന്നു. കാലപ്പഴക്കം ചെന്ന സ്കൂൾ കെട്ടിടം പൊളിച്ചു നീക്കി പുതിയത് പണി കഴിപ്പിക്കുന്നതുൾപ്പെടെ സമൂലമായ മാറ്റങ്ങൾ ഭൗതിക സാഹചര്യങ്ങളിൽ ഉണ്ടായേ തീരു. ഭൂമിശാസ്ത്രപരമായ പ്രത്യേകത ഈ സ്കൂളിന്റെ പ്രധാന ഭീഷണിയാണ്. സ്കൂളിന്റെ പരിധിയിൽ തന്നെ മൂന്ന് അൺ എയ്ഡഡ് സ്കൂളുകളും സ്വകാര്യ സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്.

## അധ്യായം II

1. ## അക്കാദമിക നിലവാരം

| പ്രവർത്തനം | പ്രവർത്തന വിവരണം |
|---|---|
| SRG മീറ്റിംഗ് | HM കോൺഫറൻസിൽ ചർച്ച ചെയ്തവ SRG മീറ്റിംഗിൽ ചർച്ച ചെയ്യുകയും പ്രാവർത്തികമാക്കുകയും പ്രവർത്തനങ്ങൾ ക്ലാസടിസ്ഥാനത്തിൽ വിശകലനം ചെയ്യുന്നു. |
| ക്ലബ് പ്രവർത്തനം | എല്ലാ കുട്ടികളും എല്ലാ ക്ലബിലും അംഗങ്ങളായി പ്രവർത്തിക്കുന്നു. |
| ദിനാചരണങ്ങൾ | ദിനാചരണങ്ങൾ ഓരോന്നും പഠന പ്രവർത്തനവുമായി ബന്ധപ്പെടുത്തി ആചരിച്ചു വരുന്നു. |
| പഠന പുരോഗതി വിലയിരുത്തൽ | പഠന പുരോഗതിയിലേക്ക് എത്തിച്ചേരാത്ത കുട്ടികളെ A, B ഗ്രേഡിലേക്ക് എത്തിക്കുന്നതിനുവേണ്ടി പ്രത്യേക പരിഗണന നൽകി പരിശീലിപ്പിക്കുന്നു. |

2. ## ഭൗതിക സാഹചര്യം

ലഭ്യമായ ക്ലാസ് മുറികൾ രണ്ടെണ്ണം പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ക്ലാസ് മുറിയിലെത്താൻ റാമ്പും റെയിലും ലഭ്യമാണ്. ഉച്ചഭക്ഷണം തയ്യാറാക്കാൻ പ്രത്യേകം അടുക്കള ഉണ്ട്. സ്റ്റോർ റൂം ഉണ്ട്. ടോയ്‌ലറ്റ് സൗകര്യം ഉണ്ട്. പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും കൂടി രണ്ട് യൂറിനൽസ് ഉണ്ട്. കുടിവെള്ള സൗകര്യം ഉണ്ട്. വാട്ടർ പ്യൂരിഫയർ ഉണ്ട്. കളിസ്ഥലം ഉണ്ട്. ഭാഗികമായി ചുറ്റുമതിൽ ഉണ്ട്. വൈദ്യുതി സൗകര്യം ഉണ്ട്. കുട്ടികൾ ലൈബ്രറി സ്ഥിരമായി ഉപയോഗപ്പെടുത്തുന്നുണ്ട്. ഫയർ എസ്റ്റിംഗ്യൂഷർ ഉണ്ട്. ഒരു കമ്പ്യൂട്ടറും ഇന്റർനെറ്റ് സൗകര്യവും ഉണ്ട്.

**3.** **വിദ്യാലയത്തിലെ ഭൗതിക അന്തരീക്ഷം**

| വിഭാഗം | നിലവിലുള്ളത് |
|---|---|
| ക്ലാസ് മുറി | 2 എണ്ണം |
| ക്ലസ്റ്റർ റൂം | 1 |
| അടുക്കള | 1 |
| കമ്പ്യൂട്ടർ | 1 |
| ദൃശ്യശ്രാവ്യ ഉപകരണങ്ങൾ | മൈക്ക്സെറ്റ് അനുബന്ധ ഉപകരണങ്ങൾ |
| ചുറ്റുമതിൽ | ഭാഗികം |
| ക്രീഡാ സൗകര്യങ്ങൾ | കളിസ്ഥലം ഉണ്ട് |

**4.** **IT അനുബന്ധ സാമഗ്രികളുടെ അവസ്ഥ**

| വിഭാഗം | നിലവിലുള്ളത് | |
|---|---|---|
| | പ്രവർത്തിക്കുന്നത് | പ്രവർത്തിക്കാത്തത് |
| കമ്പ്യൂട്ടർ | I Desktop അനുബന്ധ ഉപകരണങ്ങൾ ഉണ്ട്. | പ്രവർത്തനരഹിതം |

5. **അനുബന്ധ സംവിധാനങ്ങൾ**

| വിഭാഗം | നിലവിലെ അവസ്ഥ |
|---|---|
| SRG | ആഴ്ചയിൽ ഒരു ദിവസം വെള്ളിയാഴ്ച ഉച്ചയ്ക്ക് SRG കൂടി ഒരാഴ്ചത്തെ അക്കാദമിക് കാര്യങ്ങൾ ചർച്ച ചെയ്യുന്നു. കോൺഫറൻസിൽ പറഞ്ഞ കാര്യങ്ങൾ ചർച്ച. മൂല്യനിർണയം, പാഠാസൂത്രണം ദിനാചരണം പഠനനിലവാരം മെച്ചപ്പെടുത്തൽ. |
| SMC | പ്രവർത്തനക്ഷമമാണ്. ഓരോ മാസവും SMC വിളിച്ചു ചേർക്കാറുണ്ട്. അനുയോജ്യമായ സമയം നിർണയിച്ച് നിർദേശങ്ങൾ നൽകുകയും എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യുന്നു. അക്കാദമിക് മികവ് പങ്കുവയ്ക്കുന്നു. |
| PEC | പഞ്ചായത്തുതല വിദ്യാഭ്യാസ കമ്മിറ്റിയിൽ പങ്കെടുത്ത് വിദ്യാഭ്യാസ വികസന കാര്യങ്ങൾ ചർച്ച ചെയ്യുന്നു. സ്കൂൾ പ്ലാൻ തയ്യാറാക്കുന്നു. |

6. **സാമൂഹിക പങ്കാളിത്തം**

| പ്രവർത്തനം | പ്രവർത്തന വിവരണം |
|---|---|
| റസിഡൻസ് അസോസിയേഷൻ | വിവിധ സമിതികൾ പ്രവർത്തിക്കുന്നുവെങ്കിലും പ്രദേശത്തിന്റെ സാമൂഹിക-സാമ്പത്തിക സവിശേഷതകൾ, അതായത് പിന്നാക്കാവസ്ഥ കാരണം പ്രവർത്തനം മന്ദഗതിയിലാണ്. |

## അധ്യായം IV
### ഓരോ മേഖലയുടെയും അവലോകനം

1.

| പ്രവർത്തനമേഖല | മോണിറ്ററിംഗ് സമയം | ചുമതല |
|---|---|---|
| SRG | ആഴ്ചയിൽ ഒരു ദിവസം | SRG കൺവീനർ HM. |
| പഠന നിലവാരം | ക്ലാസ് PTA, SRG. | ക്ലാസ് ടീച്ചർ SRG കൺവീനർ |
| ക്ലബ് പ്രവർത്തനം | ദിനാചരണങ്ങളുമായ ബന്ധപ്പെട്ട് | അധ്യാപകർ HM. |
| ലൈബ്രറി | ദിനപത്രങ്ങൾ-ദിവസവും ബാലമാസികകൾ, ലൈബ്രറി പുസ്തകങ്ങൾ അവ സൂക്ഷിക്കുന്നതിനുള്ള സംവിധാനം - ആഴ്ചയിലൊരിക്കൽ | അധ്യാപകർ HM. |
| ഫീൽഡ് ട്രിപ്പ് | പാഠഭാഗവുമായി ബന്ധപ്പെട്ട് സന്ദർശനം, വിനോദസഞ്ചാരകേന്ദ്രങ്ങൾ - വർഷത്തിലൊരിക്കൽ | അധ്യാപകർ HM. |

2. **നിരന്തര വിലയിരുത്തൽ**

| പ്രവർത്തനങ്ങൾ | പ്രവർത്തന രീതി | കാലയളവ് | ചുമതല |
|---|---|---|---|
| പഠന പുരോഗതിയിലേക്ക് എത്തിച്ചേരാത്ത കുട്ടികളെ A,B ഗ്രേഡിലേക്ക് എത്തിക്കുന്നു | പ്രത്യേക പരിഗണന നൽകി പരിശീലിക്കുക. പരിഹാരബോധനം | ക്ലാസ് സമയത്തിന് പുറമേ | HM അധ്യാപകർ. |
| സംഘപഠനം | കണ്ടെത്തൽ പഠനം ക്വിസ്, വിവരശേഖരണം, പ്രോജക്ടുകൾ | ’’ | അധ്യാപകർ. |

**3. ഉച്ച ഭക്ഷണ പരിപാടി**

| പ്രവർത്തനത്തിന്റെ പേര് | പ്രവർത്തന രീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഉച്ചഭക്ഷണം | ചോറും കറികളും (പച്ചക്കറി) | ഉച്ചയ്ക്ക് | കൺ ഫീഡിംഗ് കമ്മിറ്റി | ഗവൺമെന്റ് |
| പാൽ | ആഴ്ചയിൽ രണ്ടു ദിവസം (ചൊവ്വ, വ്യാഴം | രാവിലെ | ,, | ,, |
| മുട്ട | ആഴ്ചയിൽ 1 ദിവസം (ബുധൻ) | ഉച്ചയ്ക്ക് | ,, | ,, |

**4. ഒന്നാം ക്ലാസ് ഒന്നാന്തരം**

ഒന്നാം ക്ലാസ് ഒന്നാന്തരമാക്കുന്നതിന് പഞ്ചായത്തു തലത്തിൽ അധ്യാപകരുടെ കൂട്ടായ്മ, ഒന്നാം ക്ലാസിൽ ഇംഗ്ലീഷ് മീഡിയം പഠിപ്പിക്കുക. IT അധിഷ്ഠിതമായി എണ്ണൽ സംഖ്യകളും മലയാളം ഇംഗ്ലീഷ് അക്ഷരങ്ങൾ ഉറപ്പിക്കുക, നാടൻ പാട്ടുകളും മൂകാഭിനയവും ആക്ഷൻ സോങ്ങും ഇവ നടത്തുക, കഥകൾ പറയുക, കുട്ടിക്കവിതാലാപനം, ക്ലാസ് റൂം ചൈൽഡ് ഫ്രണ്ട്‌ലി ആക്കി മാറ്റുക.

**5. കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന്**

ബോധന മാധ്യമം മാതൃഭാഷയിലും ഇംഗ്ലീഷ് ഭാഷയിലും വേണം. കുട്ടികൾക്ക് സ്വയം പ്രകാശനത്തിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും അവസരം ഉണ്ടാകണം. പാഠപുസ്തകത്തിനു പുറമേ TM, HB, CD, മറ്റുള്ള പഠനബോധന ഉപകരണങ്ങൾ ക്ലാസിൽ ഉപയോഗിക്കണം. അധ്യാപക പിന്തുണാ സംവിധാനങ്ങളുടെ സഹായം, മികവ് രക്ഷിതാക്കളുമായി പങ്കുവയ്ക്കൽ മികച്ച കുട്ടികൾക്ക് പ്രോത്സാഹന പ്രവർത്തനങ്ങൾ, ഗണിത ചാർട്ട്, ഏണിയും പാമ്പും തുടങ്ങിയ ഉപകരണങ്ങൾ ഗണിതശേഷി വികസിക്കുന്നതിന്. സഹായകമായി ഒരുക്കണം.

## പാഠ്യേതര പ്രവർത്തനങ്ങൾ

* താരം, താരം താരകം :- എല്ലാ പ്രവർത്തനങ്ങളിലും ഉന്നമനത്തി മുന്നേറാനുള്ള കഴിവ് നേടുക, സംഘബോധം വളർത്തുക.
* ഡയറിയെഴുത്ത് :- കുട്ടികളിലെ ഭാഷാപരമായ കഴിവ് വികസിപ്പിക്കുക, കാര്യങ്ങളെ ചിട്ടയായി രേഖപ്പെടുത്തുക, വാക്യഘടന സ്വായത്തമാക്കൽ
* ദിനാചരണങ്ങൾ :- പ്രശ്നോത്തരി, പതിപ്പ് നിർമ്മാണം, മഹാൻമാരെ പരിചയപ്പെടൽ, വായനാശീലം വികസിപ്പിക്കൽ
* അമ്മവായന :- വായനാശീലം വർദ്ധിപ്പിക്കുക, രക്ഷകർത്താക്കളെ സ്കൂളുമായി കൂടുതൽ ബന്ധിപ്പിക്കുക.
* ജൈവപച്ചക്കറികൃഷി - കൃഷിയോട് താല്പര്യം വർദ്ധിപ്പിക്കുക.

## മുൻ സാരഥികൾ